പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1699 15.02.2016 - ൽ മറുപടിയ്ക്ക്

## ട്രൈബൽ കോളനികളിൽ അന്നദായിനി

ചോദ്യം

ശ്രീ.ബാബു എം. പാലിശ്ശേരി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന ട്രൈബൽ കോളനികളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന അന്നദായിനി പദ്ധതി നടപ്പാക്കുന്നതിന് ഓരോ വർഷവും എന്ത് തുക വീതം അനുവദിച്ചു; | (എ) | ഒരു നേരത്തെ ഭക്ഷണത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന നിലമ്പൂരിലെ ആദിവാസികൾക്ക് പാകം ചെയ്ത ഭക്ഷണം നൽകുന്നതിനായി വെറ്റിലകൊല്ലി, മണ്ണള, അലയ്ക്കൽ,കമ്പളപ്പാറ എന്നിവിടങ്ങളിലാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതി നടപ്പിലാക്കിയത്. തുടർന്ന് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഇതിനായി പ്രത്യേക തുക നീക്കിവയ്ക്കുകയും മഹിളാ സമഖ്യ എന്ന ഏജൻസി മുഖേന ആദിവാസി മേഖലകളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ സുരക്ഷാ മിഷൻ ഈ മേഖലകളിൽ പദ്ധതി നടപ്പിലാക്കേണ്ട തില്ലായെന്ന് എക്സിക്യൂട്ടീവ് / ഗവേണിംഗ് ബോഡി തീരുമാനിച്ചതിനെ തുടർന്ന് ടി പദ്ധതി നിർത്തലാക്കുകയാണുണ്ടായത്. 30.09.2010 വരെയാണ് സുരക്ഷാ മിഷൻ വഴി ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ കാലയളവിൽ 272 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. ആകെ 5,79,606/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | അനുവദിക്കപ്പെട്ട തുകയിൽ എന്ത് വീതം ചെലവഴിച്ചുവെന്നറിയിക്കാമോ? | (ബി) | പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന് സർക്കാർ തുക അനുവദിച്ച് നൽകിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നുമാണ് 5,79,606/- രൂപ ചെലവഴിച്ചിട്ടുള്ളത്. |

Harikaran

**സെക്ഷൻ ഓഫീസർ**